കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - റോഡ് പുനരുദ്ധാരണ പദ്ധതി - അധിക മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(ആർ.ടി.) നം. **2237**/2011/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 27.09.2011.

പരാമർശം:- 1) 15.01.2010-ലെ (എം.എസ്.) 11/10/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
2) 20.03.2010-ലെ (എം.എസ്) 56/10/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
3) 09.06.2010-ലെ (എം.എസ്.) 1906/10/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളിൽ സഞ്ചാരയോഗ്യമല്ലാത്തവ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച 'റോഡ് പുനരുദ്ധാരണ പദ്ധതി' നടപ്പാക്കുന്നതിനായി പരാമർശം സർക്കാർ ഉത്തരവുകൾ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2) റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ നടപടികൾ ആരംഭിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ലെന്നും എന്നാൽ പ്രസ്തുത പ്രോജക്ടുകൾ നിർബന്ധമായും 2010-11 വാർഷിക പദ്ധതിയുടെ ഭാഗമാക്കി നടപടി ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി.

3) 2009-10, 2010-11 വർഷങ്ങളിലെ വിഹിതം സമന്വയിപ്പിച്ചാണ് റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതെന്നതിനാൽ ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ദ്വിവർഷ പ്രോജക്ടുകളായി ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. ഇപ്രകാരം വകയിരുത്തിയ തുകയുടെ സേവിംഗ്സ് ഉപയോഗിച്ച് 2011-12 വർഷത്തിലും പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

4) അടിയന്തിര പദ്ധതി എന്ന നിലയിലാണ് റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് ഡി.പി.സി.യുടെ മുൻകൂർ അനുമതി ആവശ്യമില്ലെന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചത്. ആയതിനാൽ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ള വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി സർക്കാർ അനുമതിയോടെ 2011-12 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനും ഡി.പി.സി.യുടെ മുൻകൂർ അനുമതി ആവശ്യമില്ല എന്നാൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ (TAG) അംഗീകാരം നിർബന്ധമായും വാങ്ങേണ്ടതാണ്. ഇപ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതും 2011-12 വാർഷിക പദ്ധതിയുടെ ഭാഗമാക്കി നടപടി ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

5) മേൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സുലേഖ ആപ്ലിക്കേഷനിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും(ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും സുലേഖാ ആപ്ലിക്കേഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.